# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം

Web Edition Only

2008 ജനുവരി 30


## മാനേജിംഗ് കമ്മറ്റി പരാജയപ്പെട്ടു

കളമശ്ശേരി: അംഗങ്ങളുടെ നിസഹകരണം മൂലം ജനുവരി 25 നു തൃക്കുന്നത്തു സെമിനാരിയിൽ ചേരാനിരുന്ന മാനേജിംഗ് കമ്മറ്റിയംഗങ്ങളുടെ അനൗപചാരികയോഗം പരാജയപ്പെട്ടു. സ്ഥാനികളടക്കം കേവലം 15 അംഗങ്ങൾ മാത്രമാണ് യോഗത്തിനെത്തിയത്.

തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ അഭാവത്തേക്കാൾ ശ്രദ്ധേയമായത് നോമിനേറ്റഡ് മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെയും വർക്കിംഗ് കമ്മറ്റി അംഗങ്ങളുടെയും പൂർണ്ണമായ അസാന്നിദ്ധ്യമാണ്. പലവിധ കോക്കസുകളിലൂടെയും സ്വാധീനത്തിലൂടെയും ഈ സ്ഥാനങ്ങളിൽ കയറിപ്പറ്റിയവരുടെ സഭയോടുള്ള പ്രതിബദ്ധത ഇതോടെ വ്യക്തമായി.

## മുഖം രക്ഷിച്ച തൃക്കുന്നത്തു പ്രകടനം

ആലുവാ: പലരുടെയും മുഖം രക്ഷിയ്ക്കാനുള്ള ശ്രമത്തിന്റെ ആകെത്തുകയാണ് ഇക്കൊല്ലത്തെ തൃക്കുന്നത്തു പ്രകടനമെന്നു വിലയിരുത്തപ്പെടുന്നു.

2007-ൽ ആഘോഷമായ റാസയായി കബറുങ്കൽ പ്രവേശിച്ച പുത്തൻകുരിശു വിഭാഗത്തിനു ഇപ്രാവശ്യം കനത്ത പോലീസ് കമ്പടിയോടെ അഞ്ചു പേർ വീതം മാത്രം പ്രവേശിയ്ക്കേണ്ടി വന്നു. തോമസ് പ്രഥമനടക്കമുള്ള മെത്രാന്മാർക്കു പോലും പോലീസ് വാഹനത്തിൽ പ്രവേശിച്ച് മൂന്നു മിനിറ്റു മാത്രം ചില വഴിയ്ക്കാനേ അവസരം ലഭിച്ചുള്ളു. കരിയും കുന്തിരിയ്ക്കവും തീയുമില്ലാതെ ധൂപക്കുറ്റി കാട്ടി മാധ്യമങ്ങൾക്കു മുമ്പിൽ നാടകമാടിയെങ്കിലും പുത്തൻകുരിശു നേതാക്കൾ തൃപ്തരല്ലെന്നാണറിവ്. എങ്കിലും തോമസ് പ്രഥമനും തൽക്കാലം മുഖം രക്ഷിയ്ക്കാനായി. പേരിനെങ്കിലും ഒരു പ്രവേശനാനുമതി നൽകി മാർക്സിസ്റ്റു പാർട്ടിയിലെയും മന്ത്രിസഭയിലേയും ഒരു ഉന്നതന്റെ മുഖവും ഭാഗികമായി രക്ഷിച്ചു. പുത്തൻകുരിശു വിഭാഗത്തിനു എന്തു വില കൊടുത്തും പള്ളി തുറന്നു കൊടുക്കുമെന്നു ശഠിച്ച ഈ നേതാവിന്റെ ആഗ്രഹം പൂർണ്ണമായി നടപ്പാക്കാൻ സർക്കാർ അനുവദിച്ചില്ല.

കഴിഞ്ഞവർഷം പുത്തൻകുരിശു മെത്രാന്മാർക്കു പ്രവേശനം നടത്താനുള്ള വഴിയൊരുക്കിയ മുൻ മാനേജരും ഈ വർഷം അവർ പ്രവേശിച്ചതോടെ മുഖം രക്ഷിച്ചു. സ്ഥാനം നഷ്ടപ്പെട്ടിട്ടും സ്ഥലത്തെത്തിയ ഇദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിലാണ് വിഘടിത മെത്രാൻമാർക്കു പ്രവേശിക്കാൻ വാതിൽ തുറന്നത്.

കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് നാമമാത്ര പ്രവേശനത്താൽ മാത്രം പരിമിതപ്പെടുത്താൻ കഴിഞ്ഞതിൽ മലങ്കര സഭാനേതൃത്വത്തിനും മുഖം രക്ഷിയ്ക്കാനായി.

## രാഷ്ട്രീയവൽക്കരണ ശ്രമം കടുത്ത പ്രതിഷേധം

കോട്ടയം: തൃക്കുന്നത്തു സെമിനാരി പ്രശ്നത്തിന്റെ പേരിൽ മലങ്കരസഭയെ രാഷ്ട്രീയവൽക്കരിയ്ക്കാനുള്ള ശ്രമത്തിനെതിരെ ശക്തമായ പ്രതിഷേധം.

മുൻകാലങ്ങളിലും സഭയ്ക്കെതിരെയുള്ള സർക്കാർ നടപടികളിൽ സഭ ശക്തമായി പ്രതിഷേധിച്ചിട്ടുണ്ട്. എന്നാൽ റോമൻ കത്തോലിക്കാ സഭയെ പ്പോലെ സർക്കാരിനെതിരെ ഇടയലേഖനം ഇറക്കുന്ന പാരമ്പര്യം മലങ്കരസഭയ്ക്കില്ല. ഈ സാഹചര്യത്തിൽ സർക്കാരിനെതിരെ ജിഹാദ് വിളിയുമായി ചില സ്ഥാനികൾ രംഗത്തിറങ്ങിയത് കടുത്ത പ്രതിഷേധത്തിനിടയാക്കിയിട്ടുണ്ട്.

## തിരിച്ചടിയ്ക്കുക കാരണം പിടിപ്പുകേടും പക്വതയില്ലായ്മയും

ആലുവാ: ജനുവരി 25-നു ആലുവായിൽ സഭയ്ക്കു നേരിട്ട നേരിയ തിരിച്ചടിയ്ക്കു കാരണം ഇപ്പോൾ മലങ്കര സഭാ നേതൃത്വം കൈയാളുന്നവരുടെ പിടിപ്പുകേടും അപക്വമായ പെരുമാറ്റവുമാണെന്നു രൂക്ഷവിമർശനം.

ആലുവാ തൃക്കുന്നത്തുസെമിനാരി, അങ്കമാലി ഭദ്രാസനം എന്നിവയെക്കുറിച്ച് ഗ്രാഹ്യമുള്ള ആരെയും വിശ്വാസത്തിലെടുക്കാതെ ഒറ്റയാൾ കളികളാണ് തൃക്കുന്നത്തു നടത്തിയതെന്നും ആരോപണമുണ്ട്.

## എതിർപ്പുകൾ പരാജയപ്പെട്ടു; മാർ ഗ്രിഗോറിയോസ് പാമ്പാടിയിൽ പ്രസംഗിച്ചു

പാമ്പാടി: രാഷ്ട്രീയപ്രേരിതമായ എതിർപ്പുകൾ മറികടന്ന് ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ മുൻ പരിപാടിയനുസരിച്ച് പാമ്പാടിയിൽ നടന്ന സെമിനാറിൽ മുഖ്യ പ്രഭാഷണം നടത്തി.

കല, സാഹിത്യം, സംസ്കാരം, മാനവീയത എന്ന വിഷയത്തെക്കുറിച്ച് മാർക്സിസ്റ്റ് പാർട്ടി സംഘടിപ്പിച്ച സെമിനാറിലാണ് മാർ ഗ്രിഗോറിയോസ് പ്രസംഗിച്ചത്. സെമിനാർ എന്നാൽ ആശയ സംവാദമാണെന്നും, മാനവീയതയെപ്പറ്റി തന്റെ അഭിപ്രായം സ്വതന്ത്രമായി പറയാൻ അവസരം കിട്ടുന്ന ഏതു വേദിയിലും താൻ പ്രസംഗിക്കാൻ തയാറാണെന്നും മാർ ഗ്രിഗോറിയോസ് പ്രസ്താവിച്ചു.

മുതലാളിത്തവും, കമ്മ്യൂണിസവും പാശ്ചാത്യ തത്വശാസ്ത്രങ്ങളാണെന്നും ഇവ രണ്ടും ഭൗതീകതയിൽ മാത്രം അടിസ്ഥനമാക്കിയുള്ള മാനവീയതകളാണെന്നും എന്നാൽ പൗരസ്ത്യ തത്വശാസ്ത്രം മാനവീകതയും ദൈവീകതയും സംയോജിപ്പിച്ചുള്ള



സി. പി. എം. സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് നടന്ന 'കല, സംസ്കാരം, സാഹിത്യം' എന്ന വിഷയത്തെ അധികരിച്ചുള്ള സെമിനാറിൽ ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മുഖ്യ പ്രഭാഷണം നടത്തുന്നു

ഒരു ദർശനമാണെന്നും അത് ഉദാത്തമാണെന്നും തന്റെ ഗുരുവായ ഡോ. പൗലൂസ് മാർ ഗ്രിഗോറിയോസിനെ ഉദ്ധരിച്ച് അദ്ദേഹം സമർത്ഥിച്ചു.

# തന്ത്രങ്ങൾ പൊളിയുന്നു: ഉചാമറ ദുർബലമായി

പാമ്പാടി: വിദേശ മെത്രാൻ വാഴ്ച നടത്തിയ പുനരൈക്യപ്പെട്ട മെത്രാന്മാരെ സഭയിൽ നിന്നു പുറത്താക്കാനും, ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസിനെ പാമ്പാടിയിൽ പൊതു പരിപാടിയിൽ പങ്കെടുക്കുന്നതു തടയാനും, ഡോ. യൂഹാനോൻ മിലിത്തോസിനെ കോത്തല പള്ളി പെരുന്നാളിൽ മുഖ്യകാർമികത്വം വഹിക്കുന്നതു തടയാനും നടത്തിയ ശ്രമങ്ങൾ ദയനീയമായി പരാജയപ്പെട്ടു.

ഇതോടെ മലങ്കരസഭയുടെ നയപരിപാടികൾ തീരുമാനിയ്ക്കുന്നതു തങ്ങളാണെന്ന *ഉചാമറ*യുടെ അവകാശവാദം വ്യാജമാണെന്നു ജനത്തിനു ബോദ്ധ്യപ്പെട്ടിരിയ്ക്കുകയാണ്. ഇതോടെ എങ്ങനെയും മലങ്കരസഭയെ കൈപ്പിടിയിലൊതുക്കാൻ പുതിയ പങ്കാളികളെ തിരയുകയാണ് ഉചാമറ എന്ന് പറയപ്പെടുന്നു.

നേരത്തെ മാർ ഗ്രിഗോറിയോസിന്റെ പ്രസംഗത്തിനു രാഷ്ട്രീയ നിറം കൊടുക്കുവാൻ ശ്രമം നടന്നിരുന്നു. അദ്ദേഹം ഈ യോഗത്തിൽ പങ്കെടുക്കാതിരിക്കാൻ കടുത്ത സമർദ്ദവും ഉണ്ടായിരുന്നു. പുനരൈക്യപ്പെട്ട മെത്രാന്മാരെ സഭയിൽ നിന്നും പുറത്താക്കാൻ കളിച്ച സഖ്യം മാർ ഗ്രിഗോറിയോസിനെതിരെയും രംഗത്തെത്തി. മലങ്കരസഭയെ ഇടതുപക്ഷ പാളയത്തിലെത്തിയ്ക്കാനാണ് ഈ യോഗമെന്നായിരുന്നു ഇവരുടെ വാദം. എന്നാൽ താൻ മാർക്സിസ്റ്റുകാരനോ പാർട്ടി മെമ്പറോ അല്ലെന്നും പാർട്ടി തന്റെ വിഷയമല്ലെന്നും പറഞ്ഞാണ് മാർ ഗ്രിഗോറിയോസ് പാമ്പാടി പ്രസംഗം ആരംഭിച്ചതു തന്നെ.

മാർ ഗ്രിഗോറിയോസ് പാമ്പാടി യോഗത്തിൽ പങ്കെടുക്കുന്നത് തടയണമെന്ന് ഇവർ പ. പിതാവിനു പരാതി നൽകിയെങ്കിലും അഭിപ്രായ സ്വാതന്ത്ര്യത്തിൽ കൈകടത്താൻ അദ്ദേഹം തയാറായില്ല. ഡോ. പൗലൂസ് മാർ ഗ്രിഗോറിയോസ്, ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ് എന്നിവർ ഇതിനു മുമ്പും ഇടതുപക്ഷം സംഘടിപ്പിച്ച സെമിനാറുകളിൽ പങ്കെടുത്ത ചരിത്രവുമുണ്ട്. രണ്ടായിരത്തോളം വരുന്ന വമ്പിച്ച ജനാവലി മുക്കാൽ മണിക്കൂറിലധികം നീണ്ട മാർ ഗ്രിഗോറിയോസിന്റെ പ്രസംഗം ശ്രദ്ധയോടെ ശ്രവിച്ചു. യോഗത്തോടു ചിലർ പ്രകടിപ്പിച്ച എതിർപ്പ് ശ്രോതാക്കളുടെ എണ്ണം വർദ്ധിപ്പിക്കാൻ കാരണമായിട്ടുണ്ടെന്ന് വിലയിരുത്തപ്പെടുന്നു.

മാർ ഗ്രിഗോറിയോസിനു ഫോണിൽ കൂടിയും മറ്റു രീതിയിലും ഭീഷണി ഉണ്ടായിരുന്നതിനാൽ കനത്ത സുരക്ഷാസന്നാഹം ഏർപ്പെടുത്തിയിരുന്നു. എന്നാൽ പരിപൂർണ്ണമായും ശാന്തമായ അന്തരീക്ഷത്തിലാണ് യോഗം നടന്നത്.

# തൃക്കുന്നത്തു സംഭവം: ഓർത്തഡോക്സ് സഭ മന്ത്രിമാരെ ബഹിഷ്കരിക്കും

തൃക്കുന്നത്തു സെമിനാരിയിൽ സർക്കാർ നീതി നിഷേധം നടത്തിയെന്നാരോപിച്ച് സഭയുടെ പരിപാടികളിൽനിന്നു മന്ത്രിമാരെ ബഹിഷ്കരിക്കാൻ ഓർത്തഡോക്സ് സഭാ നേതൃത്വം തീരുമാനിച്ചു.

സുപ്രീം കോടതി 1995-ൽ നടത്തിയ വിധി പ്രസ്താവത്തിന്റെ ലംഘനമാണ് സെമിനാരിയിൽ നടന്നതെന്നും അതിനെതിരെ ഹൈക്കോടതിയെ സമീപിക്കുമെന്നും സഭാ സെക്രട്ടറി ഡോ. ജോർജ്ജ് ജോസഫ് പറഞ്ഞു.

സുപ്രീംകോടതി വിധി നടപ്പാക്കാൻ ബാധ്യസ്ഥമായ സർക്കാർ മറുവിഭാഗത്തെ സഹായിക്കുന്നത് രാഷ്ട്രീയ ലക്ഷ്യം വച്ചാണ്. പള്ളികളിൽ പ്രവേശിക്കാൻ പോലീസ് സംരക്ഷണം വേണമെന്ന തങ്ങളുടെ ആവശ്യം നിരസിച്ച സർക്കാർ യാക്കോബായ വിഭാഗത്തിന് തൃക്കുന്നത്തു കയറാൻ പോലീസ് സംരക്ഷണം നൽകിയത് ഇരട്ടത്താപ്പാണെന്നും അദ്ദേഹം ആരോപിച്ചു.

പ്രാർഥിക്കാനാണെന്ന പേരിൽ എതിർപക്ഷം നടത്തുന്ന നീക്കങ്ങളെ സഭ നേരിടും. വഞ്ചനാപരവും ഏകപക്ഷീയവുമായ സർക്കാർ നടപടി ഭരണഘടനാ ലംഘനമാണ്. നിയമലംഘനം നടത്താൻ മറുവിഭാഗത്തെ സഹായിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം. സർക്കാർ നിലപാടുകൾ രാഷ്ട്രീയ ലക്ഷ്യത്തോടെയാണ്. തെറ്റു തിരുത്താൻ ഭരണകൂടം തയ്യാറാകണം.

എന്നാൽ പ്രശ്നം തെരുവിലേക്ക് വലിച്ചിഴക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും സർക്കാരിനെ എങ്ങനെ കൈകാര്യം ചെയ്യണമെന്നു സഭ നിശ്ചയിച്ചിട്ടുണ്ടെന്നും ഡോ. ജോർജ്ജ് ജോസഫ് പറഞ്ഞു.

ആരെയും പള്ളിയിലോ കബറിങ്കലോ കൊണ്ടുപോയി പ്രാർഥിപ്പിക്കേണ്ട ബാധ്യത സർക്കാരിനില്ല. സംഘർഷാവസ്ഥ ഉണ്ടെങ്കിൽ പള്ളി അടച്ചിടുകയാണോ വേണ്ടത്? കോടതിവിധി അംഗീകരിക്കാതെ ഒരു വിഭാഗത്തിനു മാത്രം സംരക്ഷണം നൽകുന്ന സർക്കാർ നടപടി ജനാധിപത്യ വിരുദ്ധമാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

ചർച്ചയ്ക്കായി സഭ അങ്ങോട്ടു ചെല്ലില്ല. സർക്കാരിനെതിരെ എൻ. എസ്. എസ്., കത്തോലിക്ക സമുദായങ്ങളുമായി ചേർന്നു പ്രവർത്തിക്കാൻ ധാരണയായിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഓർത്തഡോക്സ് പള്ളികളിൽ പ്രാർഥനാനന്തരം ഇന്നലെ പ്രമേയങ്ങൾ പാസ്സാക്കി.

(മംഗളം, ജനു. 28)

# ആറുമാസത്തിനകം പരിഹാരമില്ലെങ്കിൽ അന്തിമ നടപടി: ശ്രേഷ്ഠ ബാവ

കോന്നി: സഭാക്കേസ് ആറുമാസത്തിനുള്ളിൽ തീർത്തില്ലെങ്കിൽ അന്തിമ നടപടിക്ക് സഭ തയ്യാറാകുമെന്ന് ശ്രേഷ്ഠ കാതോലിക്കാ മാർ ബസേലിയോസ് തോമസ് പ്രഥമൻ ബാവ മുന്നറിയിപ്പു നൽകി.

പത്തനംതിട്ട സെന്റ് മേരീസ് കത്തീഡ്രലിൽ ഇന്നലെ വിശുദ്ധ

കുർബ്ബാനയ്ക്ക് എത്തിയതായിരുന്നു ബാവ.

തൃക്കുന്നത്ത് സെമിനാരി പ്രശ്നം വഷളാക്കുന്നത് ഓർത്തഡോക്സ് വിഭാഗമാണ്. കാവൽക്കാരൻ ഉടമയാകുന്നതിന് തുല്യമാണ് ഓർത്തഡോക്സ് വിഭാഗത്തിന്റെ നടപടി. പ്രശ്നം പരിഹരിക്കാൻ മറ്റു സഭാ-സമുദായ നേതാക്കളുടെയും സഹായം തേടും. പരിഹാരം കണ്ടില്ലെങ്കിൽ മാത്രമാണ് കടുത്ത നടപടി സഭ സ്വീകരിക്കാൻ നിർബന്ധിതരാകുന്നതെന്നും ശ്രേഷ്ഠബാവ പറഞ്ഞു.

(മംഗളം, ജനു. 28)

# തൃക്കുന്നത്തു സെമിനാരിയിൽ പ്രതിഷേധ പ്രമേയം അവതരിപ്പിച്ചില്ല

## സഭാ നേതൃത്വത്തിനെതിരേ ഓർത്തഡോക്സ് വിശ്വാസികൾ

കൊച്ചി: തൃക്കുന്നത്തു സെമിനാരിയിൽ യാക്കോബായ വിഭാഗത്തിന് പ്രവേശനം നൽകിയ സർക്കാർ നടപടിക്കെതിരെ ഓർത്തഡോക്സ് സഭയുടെ പല പള്ളികളിലും ഞായറാഴ്ച പ്രതിഷേധ പ്രമേയം പാസാക്കിയെങ്കിലും സംഭവം നടന്ന തൃക്കുന്നത്തു സെമിനാരി പള്ളിയിൽ പ്രമേയം അവതരിപ്പിച്ചില്ല.

മാനേജരായ ഫാ. മത്തായി ഇടയനാലിനു പകരം ഞായറാഴ്ച കുർബാനയർപ്പിച്ചതു മുൻ മാനേജർ ഫാ. ബോബി വർഗീസാണ്. അദ്ദേഹം പ്രതിഷേധ പ്രമേയം വായിക്കാതെ കുർബ്ബാനയും തുടർ ചടങ്ങുകളും അവസാനിപ്പിച്ചു.

അതിനിടെ, സെമിനാരിയിൽ യാക്കോബായ സഭയുടെ ശ്രേഷ്ഠ കാതോലിക്കാ ബാവാ രണ്ടാംതവണയും പ്രവേശിപ്പിച്ചതു സഭാനേതൃത്വത്തിന്റെ പിടിപ്പുകേടുകൊണ്ടാണെന്ന് ആരോപിച്ച് ഓർത്തഡോക്സ് സഭയിലെ ഒരു വിഭാഗം രംഗത്തെത്തി. സെമിനാരി അങ്കമാലി ഭദ്രാസനത്തിന്റെ സ്വത്തായിട്ടും ഭദ്രാസനത്തിലുള്ളവരെ വിശ്വാസത്തിലെടുക്കാതെ പുറമേനിന്നുള്ളവരാണു സെമിനാരിയിൽ പ്രതിഷേധം സംഘടിപ്പിച്ചതെന്നും അവർ പറയുന്നു. സഭാസെക്രട്ടറി സ്വന്തം നിലയിലാണ് സമരം ആസൂത്രണം ചെയ്യുന്നതെന്നും അതിനു സഭാസമിതികളുടെ പിന്തുണയില്ലെന്നും ഈ വിഭാഗം ആരോപിക്കുന്നു. മന്ത്രിമാരെ ബഹിഷ്കരിക്കാനുള്ള തീരുമാനം സഭാസമിതികളുടെ തീരുമാനമല്ലെന്നും അംഗീകരിക്കാനാവില്ലെന്നും അവർ വ്യക്തമാക്കി.

അങ്കമാലി ഭദ്രാസനത്തിൽപ്പെട്ട പഴന്തോട്ടം സെന്റ് മേരീസ് പള്ളിയോടു ചേർന്നു നിർമിച്ച 'തെയോ നിവാസ്' വൃദ്ധസദനം ഉദ്ഘാടനം ചെയ്യാമെന്നു മന്ത്രി എസ്. ശർമ സമ്മതിച്ചിരുന്നതാണെങ്കിലും ബഹിഷ്കരണം പ്രഖ്യാപിച്ച സാഹചര്യത്തിൽ അദ്ദേഹമെത്തിയില്ല. ഉദ്ഘാടനയോഗത്തിന് ഏറെ മുമ്പേ പള്ളിയിലെത്തിയ സഭാസെക്രട്ടറി, മന്ത്രി ശർമയെ പങ്കെടുപ്പിക്കരുതെന്നു ശാഠ്യം പിടിക്കുകയായിരുന്നത്രേ. ഇതോടെ സഭാസെക്രട്ടറിയുടെ നിർദേശത്തെ എതിർക്കുന്നവരും അനുകൂലിക്കുന്നവരും തമ്മിൽ കശപിശയുണ്ടായി.

(മംഗളം, ജനു. 29)

# പകപോക്കാൻ മരിച്ചയാളുടെ പേരും വലിച്ചിഴച്ചു

കോട്ടയം: ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് പാമ്പാടിയിൽ പ്രസംഗിച്ചതിനെ പ്രതിഷേധിക്കുന്നതിനിടയിൽ പാമ്പാടി സ്വദേശിയായ ഒരാളുടെ മരണവും യോഹന്നാൻ റമ്പാൻ വലിച്ചിഴച്ചതിൽ പ്രതിഷേധം ഉയരുന്നു. യോഹന്നാൻ റമ്പാൻ തന്റെ അനുയായിയായിരുന്ന വൃദ്ധനായ ഇദ്ദേഹം മരിച്ചത്, ഗബ്രിയേൽ മെത്രാപ്പോലീത്താ പാമ്പാടിയിൽ പ്രസംഗിച്ചത് അറിഞ്ഞ ആഘാതത്തിലാണ് എന്ന മട്ടിൽ മാനേജിംഗ് കമ്മറ്റിയിൽ വിഷയം അവതരിപ്പിച്ചു. കുറേ ദിവസങ്ങളായി അത്യാസന്ന നിലയിൽ കഴിഞ്ഞിരുന്ന ഇദ്ദേഹം ഇന്നു രാവിലെയാണ് മരിച്ചത്. കഴിഞ്ഞ ദിവസം റമ്പാൻ ഇദ്ദേഹത്തെ കോട്ടയം ഭാരത് ആശുപത്രിയിലെത്തി സന്ദർശിച്ചിരുന്നു. യോഹന്നാൻ റമ്പാന്റെ അനുയായിയായിരുന്ന മരിച്ചയാളുടെ മകൻ അവിടെ ഉണ്ടായിരുന്നിട്ടും, കോത്തല പള്ളിയിൽ മാർ മിലിത്തോസിനെ വിളിച്ചതിന്റെയും വിദേശ മെത്രാൻ വാഴ്ചയെ അനുകൂലിച്ച് 'പ്രദക്ഷിണം' എന്ന പ്രസിദ്ധീകരണം ഇറക്കിയതിന്റെയും പേരിൽ അദ്ദേഹത്തെ തിരിഞ്ഞു നോക്കുകയോ സംസാരിക്കുകയോ ചെയ്തിരുന്നില്ല.

മാനേജിംഗ് കമ്മറ്റി തുടങ്ങിയയുടൻ റമ്പാന്റെ അനുയായികളായ ഫാ. ബിജു ആൻഡ്രൂസ്, സോബിച്ചൻ ഏബ്രഹാം തുടങ്ങിയ ഏതാനും മാനേജിംഗ് കമ്മറ്റിയംഗങ്ങൾ ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പാമ്പാടിയിൽ പ്രസംഗിച്ച വിഷയം എടുത്തിട്ടു. തൃക്കുന്നത്തു സെമിനാരി വിഷയത്തിൽ ഇനി എന്താണ് ചെയ്യേണ്ടത് എന്ന് ചിന്തിക്കുവാൻ കൂടിയ മീറ്റിംഗിൽ ഈ വിഷയം ഉന്നയിക്കാൻ അനുവാദം നൽകിയതു തന്നെ നിയുക്ത കാതോലിക്കാ ഉൾപ്പെടുന്ന കോക്കസിന്റെ കളിയായിരുന്നു. മെത്രാപ്പോലീത്താ ശക്തമായ ഭാഷയിൽ അതിനു കാര്യകാരണ സഹിതം മറുപടി പറഞ്ഞതോടെ യോഹന്നാൻ റമ്പാൻ ഇളിഭ്യനായി. സഭാ സെക്രട്ടറി അദ്ദേഹത്തെ മറുപടി പറയാൻ അവസരം കൊടുക്കാതെ സ്നേഹത്തിൽ പിന്തിരിപ്പിക്കുകയും ചെയ്തു.

കൊട്ടാരക്കരയിൽ ഒരു ശവസംസ്ക്കാരത്തിൽ പങ്കെടുക്കാൻ വേണ്ടി നേരത്തെ യോഗത്തിൽ നിന്നിറങ്ങിയ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്താ, കുറെനേരം കഴിഞ്ഞിട്ടും തിരികെ വരുന്നില്ല എന്ന് ബോദ്ധ്യമായതോടെ റമ്പാൻ വീണ്ടും പത്തിയുയർത്തി. യോഗം നിയന്ത്രിക്കുന്ന കോക്കസിന്റെ അനുവാദത്തോടെ അദ്ദഹം ഗബ്രിയേൽ മെത്രാപ്പോലീത്തായ്ക്കെതിരെ പ്രസംഗിച്ചു. അതിനു വിശദീകരണമായി നിയുക്ത കാതോലിക്കാ, പ. പിതാവിന്റെ സെക്രട്ടറിയായ ശെമ്മാശൻ വഴി പോകരുതെന്ന് പറഞ്ഞതാണെന്ന് അറിയിച്ചതോടെ ഗബ്രിയേൽ മെത്രാപ്പോലീത്തായ്ക്കെതിരെയുള്ള നീക്കം കോക്കസിന്റെ അജണ്ടയാണെന്ന് ബോദ്ധ്യപ്പെട്ടു. മെത്രാന്മാർ തമ്മിലുള്ള അടി തീരാതെ ഈ സഭ രക്ഷപെടുകയില്ലെന്ന് തുടർന്നു പ്രസംഗിച്ച ഒരാൾ വ്യക്തമാക്കി. ഗബ്രിയേൽ മെത്രാപ്പോലീത്താ ഇരിക്കെ നിയുക്ത കാതോലിക്കാ എന്തുകൊണ്ടാണ് ഇക്കാര്യം പറയാൻ ധൈര്യം കാണിക്കാതിരുന്നതെന്നും, പറഞ്ഞിരുന്നെങ്കിൽ ചുട്ട മറുപടി കിട്ടിയേനെ എന്നും ഒരു അംഗം പിറുപിറുക്കുന്നതു കേട്ടു.

# പ്രതിഷേധവുമായ് റമ്പാന്റെ അനുയായികൾ; മാധ്യമങ്ങൾക്ക് ചാകര

കോട്ടയം: ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് പാമ്പാടിയിൽ പ്രസംഗിച്ചതിനെരിതെ യോഹന്നാൻ റമ്പാന്റേയും കങ്ങഴ സോബിച്ചന്റെയും അനുയായികളായ ഉമ്മൻചാണ്ടി ഭക്തർ പഴയ സെമിനാരി കവാടത്തിൽ ലഘുലേഖ വിതരണവും മാധ്യമങ്ങൾക്ക് 'പോസ് ചെയ്യലും' നടത്തി. ഇരുപത്തിയഞ്ചോളം വരുന്ന സഭാംഗങ്ങൾ ആണ് രാവിലെ പത്തുമണി മുതൽ ഒന്നര മണിക്കൂറോളം സെമിനാരി കവാടത്തിൽ 'ഷോ' കാണിച്ച് മടങ്ങിയത്.

മാനേജിംഗ് കമ്മറ്റിയംഗങ്ങളെ തടഞ്ഞുനിർത്തി കാര്യം

വിശദീകരിച്ചു കൊടുക്കലും ലഘുലേഖ വിതരണവും നടത്തി. മാധ്യമങ്ങളെ അറിയിച്ചതിനാൽ ചൂടുവാർത്തയ്ക്കായി എല്ലാവരും ഓടിയെത്തി. അവർക്കുവേണ്ടി മുദ്രാവാക്യം വിളിയും തകർത്തു. നേതാവാരാണെന്നു തിരക്കിയ മാധ്യമക്കാർക്കു മുമ്പിൽ സിജു കെ. ഐസക്ക് എന്ന സൗത്ത് പാമ്പാടി പള്ളിക്കാരനും മനോരമ ജീവനക്കാരനുമായ കോൺഗ്രസ് ഛോട്ടാ നേതാവിനെ തപ്പിപ്പിടിച്ചുകൊണ്ടുവന്നു നിർത്തി. അദ്ദേഹം മാധ്യമങ്ങൾക്കായി കാര്യം വിശദീകരിച്ചു. അറിഞ്ഞു കേട്ടു ചില മാധ്യമങ്ങൾ എത്തിയപ്പോൾ വൈകി. അവർക്കായി വീണ്ടും പോസ് ചെയ്തു. പിള്ളേരു കളിയാണെന്ന് തോന്നാതിരിക്കാൻ അച്ചായന്മാരെയൊക്കെ മുമ്പിൽ കയറ്റി നിർത്തി ഫോട്ടോയ്ക്കു പോസ് ചെയ്തു. മാധ്യമങ്ങളെല്ലാം എത്തിത്തീർന്നു എന്ന ധാരണയിൽ എല്ലാവരും നാലു വഴിയ്ക്ക് പിരിഞ്ഞു. വിഘടിത വിഭാഗത്തെ ഉയർത്തിക്കാട്ടുന്ന മാതൃഭൂമി ഫോട്ടോഗ്രാഫർ എത്താൻ വൈകി. അന്നേരത്തേക്ക് പൊടിയും തട്ടി എല്ലാവരും പോയിരുന്നു. അതിനുശേഷമാണ് മാതൃഭൂമിയുടെ റിപ്പോർട്ടറുടെ വരവ്. ഗേറ്റിങ്കൽ ചെന്ന് അകത്തേക്കു പോകാൻ നോക്കിയെങ്കിലും സെക്യൂരിറ്റിക്കാർ കയറ്റിവിട്ടില്ല. അവരെ ഭീഷണിപ്പെടുത്തി റിപ്പോർട്ടറും പോയി. റിപ്പോർട്ടു ചെയ്യാൻ വന്ന ചില മാധ്യമങ്ങൾ കൂടുതൽ കാര്യങ്ങൾ ചോദിച്ചറിയാൻ വേണ്ടി മൊബൈൽ നമ്പർ ആവശ്യപ്പെട്ടപ്പോൾ റമ്പാൻ, സോബിച്ചൻ എന്നിവരുടെ നമ്പരാണ് പ്രതിഷേധക്കാർ കൊടുത്തത്.

ഓഫ് സൈഡ് - ഓഫ് സൈഡ്

# മാടമ്പി ചമയുന്ന സന്യാസി

പഴയകാലത്ത് ചില മാടമ്പികൾ തങ്ങളുടെ അനുമതിയില്ലാതെ നാട്ടിൽ ഒരില പോലും വീഴാൻ പാടില്ലെന്ന് നിർബന്ധ സ്വഭാവമുള്ളവരായിരുന്നു. റഷ്യയിലെ റാസ്പുടിൻ, ഡൽഹിയിലെ ചന്ദ്രസ്വാമി തുടങ്ങിയ ചില സന്യാസിമാരും ഇത്തരം മാടമ്പിത്തത്തിന്റെ വലിയ രൂപമാണ്. പാമ്പാടിയിലും ഒരു അഭിനവ റാസ്പുടിന്റെ ഉദയം ജനത്തിനു നാളുകൾക്കു മുമ്പേ ബോദ്ധ്യപ്പെട്ടതാണ്.

പാമ്പാടി റാസ്പുടിൻ മാടമ്പിയുടെ നാട്ടിൽ മെത്രാന്മാർക്ക് പൊതുപരിപാടികളിൽ പങ്കെടുക്കണമെങ്കിലോ പള്ളികളിൽ ഇടവകക്കാർ ക്ഷണിച്ചാൽ പെരുനാളുകൾക്ക് പോലും പോകണമെങ്കിലോ ടിയാന്റെ സമ്മതം വേണമത്രേ! ടിയാനു അനഭിമതരായവരെ ദേശത്തു കയറ്റാൻ പാടില്ലത്രേ! കയറിയാൽ കാർ തടയുക, ടയർ കുത്തിക്കീറുക തുടങ്ങിയ ശിക്ഷാനടപടികൾ നടപ്പാക്കുമത്രേ.

ഇതെല്ലാം റാസ്പുടിന്റെ ദിവാസ്വപ്നങ്ങളായിത്തുടരുമെന്ന് ഈയിടെ തെളിഞ്ഞു. ടിയാന്റെയും ശിങ്കിടികളുടെയും ഭീഷണികളെ വക വെക്കാതെ ഒരു മെത്രാൻ പരിപാടിയനുസരിച്ച് പൊതുയോഗത്തിൽ പ്രസംഗിച്ചു. ഗീർവാണമടിച്ച ശിങ്കിടികൾ മാളത്തിലൊതുങ്ങി. മറ്റൊരു പള്ളിയിൽ പെരുനാളിനു ക്ഷണിക്കപ്പെട്ട മെത്രാനുള്ള ക്ഷണം റദ്ദു ചെയ്യിക്കുവാൻ നടത്തിയ ശ്രമം ഇടവകക്കാരുടെ നിശ്ചയദാർഢ്യത്തിനു മുന്നിൽ ദയനീയമായി പരാജയപ്പെട്ടു. കുഞ്ചൻനമ്പ്യാർ പറഞ്ഞപോലെ “പല്ലിനു ശൗര്യം പണ്ടെ പോലെ ഫലിക്കുന്നില്ല.”










ഗുരുവിന്റെ വഴിയേ....
കൊട്ടാരക്കരയ്ക്കു തിരിക്കും മുമ്പ് ഗുരുവായ പൗലോസ് മാർ ഗ്രീഗോറിയോസിന്റെ കബറിങ്കൽ പ്രാർത്ഥിച്ചിട്ട് പുറത്തേയ്ക്കിറങ്ങുന്ന ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്